വനിതാ ശിശു വികസന ഡയറക്ടറുടെ നടപടി ക്രമങ്ങൾ
(ഹാജർ: അനുപമ.ടി.വി ഐഎസ്)

വിഷയം:- വനിതാ ശിശു വികസന വകുപ്പ്- വനിതാ ശിശുക്ഷേമ സ്ഥാപനങ്ങളിലെ താമസക്കാരുടെ പരിചരണം- മൾട്ടി ടാസ്ക് കെയർ പ്രൊവൈഡർമാർക്ക് 2021 ഒക്ടോബർ മുതൽ 2022 ഫെബ്രുവരി വരെയുള്ള വേതനം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. സ.ഉ.(പി) നം.29/2021/ധന. തീയതി.11-2-2021

2. സ.ഉ.(സാധാ) നം.312/2021/സാ.നീ.വ. തീയതി.17-5-2021

3. ഈ കാര്യാലയത്തിലെ 20-5-2021, 28-5-2021 തീയതികളിലെ ലെ ഇതേ നമ്പർ ഉത്തരവ്.

4. ഈ കാര്യാലയത്തിലെ 14-6-2021 ലെ ഇതേ നമ്പർ ഉത്തരവ്.

ഉത്തരവ് നമ്പർ.PC1/7301/2021 തീയതി: 16-11-2021

---

വനിതാ ശിശു വികസന വകുപ്പിന് കീഴിലെ ക്ഷേമസ്ഥാപനങ്ങളിലെ മൾട്ടി ടാസ്ക് കെയർ പ്രൊവൈഡർമാർക്ക് 2021-22 സാമ്പത്തിക വർഷം വേതനം നൽകുന്നതിനായി 95,41,800/-രൂപ പരാമർശം (2) പ്രകാരം സർക്കാർ അനുവദിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 2021 മാർച്ച് മുതൽ 2021 സെപ്റ്റംബർ മാസം വരെയുള്ള വേതനം പരാമർശം (3), (4) പ്രകാരം മൾട്ടി ടാസ്ക് കെയർ പ്രൊവൈഡർമാർക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.

2021 മാർച്ച് മുതൽ 2021 സെപ്റ്റംബർ വരെ അനുവദിച്ച് നൽകിയ തുകയുടെ ധന വിനിയോഗ സാക്ഷ്യപത്രം ബന്ധപ്പെട്ട ക്ഷേമ സ്ഥാപനങ്ങളിൽ നിന്നും ശേഖരിച്ച് ലഭ്യമാക്കുന്നതിന് എല്ലാ ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർക്കും നിർദ്ദേശം നൽകിയിരുന്നുവെങ്കിലും പത്തനംതിട്ട, കോട്ടയം, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലാ വനിതാ ശിശു വികസന ഓഫീസർമാരും തിരുവനന്തപുരം ചിൽഡ്രൻസ് ഹോം, മഹിളാ മന്ദിരം, തൃശ്ശൂർ മഹിളാ മന്ദിരം സൂപ്രണ്ടുമാരും മാത്രമാണ് ആയത് ലഭ്യമാക്കിയിട്ടുള്ളത്.

ഈ സാഹചര്യത്തിൽ ധന വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയ ക്ഷേമസ്ഥാപനങ്ങളിലെ മൾട്ടി ടാസ്ക് കെയർ പ്രൊവൈഡർമാർക്ക് 2021 ഒക്ടോബർ മുതൽ 2022 ഫെബ്രുവരി വരെയുള്ള വേതനം നൽകുന്നതിന് ആവശ്യമായ 21,81,133/- രൂപ (ഇരുപത്തിയൊന്ന് ലക്ഷത്തി എൺപത്തൊന്നായിരത്തി നൂറ്റിമുപ്പത്തിമൂന്ന് രൂപ മാത്രം) ഇതോടൊപ്പം ചേർത്തിരിക്കുന്ന അനുബന്ധം എ പ്രകാരം ബന്ധപ്പെട്ട ജില്ല വനിതാ ശിശു വികസന ഓഫീസർമാർക്ക് അനുവദിച്ച് ഉത്തരവാകുന്നു. പ്രസ്തുത തുക നടപ്പ് സാമ്പത്തിക വർഷം 2235-02-001-89(P) എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കേണ്ടതാണ്.

ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർ അനുബന്ധം ബി പ്രകാരം പ്രസ്തുത തുക ബന്ധപ്പെട്ട സ്ഥാപന സൂപ്രണ്ടുമാർക്ക് അനുവദിച്ച് നൽകേണ്ടതാണ്. സ്ഥാപന സൂപ്രണ്ടുമാർ മൾട്ടി ടാസ്ക് കെയർ പ്രൊവൈഡർമാരുടെ പ്രവർത്തി ദിവസങ്ങൾക്കനുസൃതമായി തുക അനുവദിച്ച് നൽകേണ്ടതും പ്രസ്തുത തുകയുടെ ധനവിനിയോഗ സാക്ഷ്യ പത്രം ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതുമാണ്.

(ഒപ്പ്)

വനിതാ ശിശുവികസന ഡയറക്ടർ

ജില്ല വനിതാ ശിശുവികസന ഓഫീസർ,
തിരുവനന്തപുരം, പത്തനംതിട്ട, കോട്ടയം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ്

ബന്ധപ്പെട്ട ക്ഷേമ സ്ഥാപന സൂപ്രണ്ടുമാർക്ക്

പകർപ്പ്:-1. സൂപ്രണ്ട് എ സെക്ഷൻ (അലോട്ട്മെന്റ് നല്കുന്നതിലേക്കായി)
2. പ്രോഗ്രാം മാനേജർ, ICPS
3. സ്റ്റോക്ക് ഫയൽ/സ്പെയർ

ഉത്തരവിൻ പ്രകാരം

Gayikumari R

സൂപ്രണ്ട്

| അനുബന്ധം A | | |
|---|---|---|
| ക്രമ നം. | ജില്ല | അനുവദിക്കുന്ന തുക (രൂപ ) |
| 1 | തിരുവനന്തപുരം | 336825 |
| 2 | പത്തനംതിട്ട | 133650 |
| 3 | കോട്ടയം | 72146 |
| 4 | തൃശ്ശൂർ | 91125 |
| 5 | മലപ്പുറം | 269745 |
| 6 | കോഴിക്കോട് | 629282 |
| 7 | വയനാട് | 89775 |
| 8 | കണ്ണൂർ | 379110 |
| 9 | കാസർഗോഡ് | 179475 |
| **ആകെ** | | **2181133** |

## അനുബന്ധം B

| ജില്ല | സ്ഥാപനം | MTCP മാരുടെ എണ്ണം | 2021 മാർച്ച് മുതൽ 2021 സെപ്റ്റംബർ വരെ അനുവദിച്ച തുക | സ്ഥാപനത്തിൽ അവശേഷിക്കുന്ന തുക | 2021 ഒക്ടോബർ മുതൽ 2022 ഫെബ്രുവരി വരെ അനുവദിക്കേണ്ട തുക | 2021 ഒക്ടോബർ മുതൽ 2022 ഫെബ്രുവരി വരെ അനുവദിക്കുന്ന തുക (6-5) |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| തിരുവനന്തപുരം | ഗവ.മഹിളാ മന്ദിരം ,തിരുവനന്തപുരം | 2 | 127575 | 18225 | 182250 | 164025 |
| | ചിൽഡ്രൻസ് ഹോം,തിരുവനന്തപുരം | 2 | 255150 | 9450 | 182250 | 172800 |
| പത്തനംതിട്ട | ചിൽഡ്രൻസ് ഹോം,പത്തനംതിട്ട | 1 | 127575 | 47925 | 91125 | 43200 |
| | ഗവ.മഹിളാ മന്ദിരം ,പത്തനംതിട്ട | 1 | 127575 | 675 | 91125 | 90450 |
| കോട്ടയം | ഗവ.ചിൽഡ്രൻസ് ഹോം, കോട്ടയം | 1 | 127575 | 19804 | 91950 | 72146 |

| | | | | | | |
|---|---|---|---|---|---|---|
| തൃശ്ശൂർ | ഗവ.മഹിളാ മന്ദിരം തൃശ്ശൂർ | 1 | 127575 | 0 | 91125 | 91125 |
| മലപ്പുറം | ഗവ.മഹിളാ മന്ദിരം മലപ്പുറം | 1 | 127575 | 790 | 91125 | 90335 |
| | റസ്ക്യൂ ഹോം, മലപ്പുറം | 1 | 127575 | 815 | 91125 | 90310 |
| | ചിൽഡ്രൻസ് ഹോം, മലപ്പുറം | 1 | 127575 | 2025 | 91125 | 89100 |
| കോഴിക്കോട് | ആഫ്റ്റർ കെയർ ഹോം-,കോഴിക്കോട് | 2 | 255150 | 2700 | 182250 | 179550 |
| | ഗവ.മഹിളാ മന്ദിരം ,കോഴിക്കോട് | 1 | 127575 | 0 | 91125 | 91125 |
| | ഷോർട്ട് സ്റ്റേ ഹോം,കോഴിക്കോട് | 1 | 127575 | 0 | 91125 | 91125 |

| | | | | | | |
|---|---|---|---|---|---|---|
| | ചിൽഡ്രൻസ് ഹോം,കോഴിക്കോട് (ഗേൾസ്) | 2 | 255150 | 5038 | 182250 | 177212 |
| | ചിൽഡ്രൻസ് ഹോം,കോഴിക്കോട് ,(ബോയ്സ്സ്) | 1 | 127575 | 855 | 91125 | 90270 |
| വയനാട് | ചിൽഡ്രൻസ് ഹോം,വയനാട് | 1 | 127575 | 1350 | 91125 | 89775 |
| കണ്ണൂർ | ഗവ.മഹിളാ മന്ദിരം കണ്ണൂർ | 1 | 207900 | 29700 | 148500 | 118800 |
| | ചിൽഡ്രൻസ് ഹോം,കണ്ണൂർ(ഗേൾസ്) | 1 | 127575 | 0 | 91125 | 91125 |
| | ചിൽഡ്രൻസ് ഹോം,കണ്ണൂർ ,(ബോയ്സ്സ്) | 1 | 127575 | 390 | 91950 | 91560 |
| | ആഫ്റ്റർ കെയർ ഹോം-തലശ്ശേരി(ബോയ്സ്സ്) | 1 | 127575 | 13500 | 91125 | 77625 |

| | | | | | | |
|---|---|---|---|---|---|---|
| കാസർഗോഡ് | ഗവ.മഹിളാ മന്ദിരം ,കാസർഗോഡ് | 1 | 127575 | 1425 | 91125 | 89700 |
| | ചിൽഡ്രൻസ് ഹോം, കാസർഗോഡ് | 1 | 127575 | 1350 | 91125 | 89775 |
| **ആകെ** | | **25** | **3142125** | **156017** | **2337150** | **2181133** |